**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6722** **11-11-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശഭരണ സ്ഥാപനതലത്തിൽ സ്പോട്സ് കൗൺസിൽ ഘടകങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കായികമുന്നേറ്റത്തിന് ഉതകുന്ന തരത്തിൽ തദ്ദേശഭരണ സ്ഥാപന തലത്തിൽ സ്പോർട്സ് കൗൺസിലിന്റെ ഘടകങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്പോർട്സും ഗെയിംസും പ്രോത്സാഹിപ്പിക്കുന്നതിനും കായിക വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനും, കായികതാരങ്ങളുടെ ക്ഷേമത്തിനുമായി പ്രവർത്തിക്കുന്ന ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനമാണ് കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ. 2000ലെ സ്പോർട്സ് ആക്ട്, 2008ലെ സ്പോർട്സ് ചട്ടങ്ങൾ എന്നിവ പ്രകാരമാണ് സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രവർത്തിച്ചു വരുന്നത്. കൂടാതെ സംസ്ഥാനത്തെ സമ്പൂർണ്ണ കായിക വികസനം ലക്ഷ്യമാക്കി 14 ജില്ലകളിലും സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ ജില്ലാ സ്പോർട്സ് കൗൺസിലുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. 2000ലെ സ്പോർട്സ് ആക്ട് പ്രകാരം, കായിക പ്രവർത്തനങ്ങൾ സംസ്ഥാനത്തൊട്ടാകെ സംഘടിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും മുൻസിപ്പാലിറ്റി/കോർപ്പറേഷൻ/ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ സ്ഥാപിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നു. |
| (ബി) | മൾട്ടി പർപ്പസ് ജില്ല സ്പോർട്സ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 2016-17 ബഡ്ജറ്റുകളിലായി സംസ്ഥാനത്ത് ഒരു ജില്ലയിൽ ഒരു ജില്ലാ സ്റ്റേഡിയം എന്ന ഉദ്ദേശ്യത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളുടെ നിർമ്മാണം പ്രഖ്യാപിക്കുകയും നടപ്പിലാക്കി വരികയുമാണ്. എല്ലാ ജില്ലാ സ്റ്റേഡിയങ്ങളിലും വിവിധ ഇൻഡോർ ഗെയിമുകൾ കളിക്കുന്നതിന് ഒരു മൾട്ടി പർപ്പസ് കോർട്ട് ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## മൾട്ടി പർപ്പസ് ഇൻഡോർ - വിശദാംശം

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടിയിൽ) | പ്രവൃത്തികളുടെ നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | തിരുവനന്തപുരം തോമസ്സ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം | 58.47 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 42% പൂർത്തീകരിച്ചിട്ടുണ്ട്. സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കേണ്ടതുണ്ട്. |
| 2 | കൊല്ലം ഒളിമ്പ്യൻ സുരേഷ്ബാബു. ഇൻഡോർ സ്റ്റേഡിയം | 40.00 | പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. |
| 3 | പത്തനംതിട്ട ബ്ലസൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 40.00 | കിഫ്ബി അംഗീകാരത്തിനായി ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. |
| 4 | ആലപ്പുഴ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം | 40.00 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 58% പൂർത്തീകരിച്ചിട്ടുണ്ട്. സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കേണ്ടതുണ്ട്. |
| 5 | കോട്ടയം സുസൻ മേബിൾ തോമസ് ഇൻഡോർ സ്റ്റേഡിയം | 38.19 | ഭൂമി ലഭ്യമായിട്ടില്ല |
| 6 | എറണാകുളം ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം | 40.00 | പദ്ധതിയുടെ റീ ടെണ്ടറിൽ 2 ബിഡ്ഡുകൾ ലഭിക്കുകയും ആയതിന്റെ സൂക്ഷ്മപരിശോധന കിറ്റ്കോ നടത്തിവരികയാണ്. |
| 7 | ഇടുക്കി കെ.പി.തോമസ്സ് ഇൻഡോർ സ്റ്റേഡിയം | 40.00 | പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. |
| 8 | തൃശ്ശൂർ ഐ.എം. വിജയൻ ഇൻഡോർ സ്റ്റേഡിയം | 70.56 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 75% പൂർത്തീകരിച്ചിട്ടുണ്ട്. സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികളുടെ ടെണ്ടർ ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റിയുടെ മുൻപാകെ സമർപ്പിക്കേണ്ടതുണ്ട്. |
| 9 | പാലക്കാട് കെ.കെ. പ്രേമചന്ദ്രൻ ഇൻഡോർ സ്റ്റേഡിയം | 40.00 | പദ്ധതിക്കനുയോജ്യമായ സ്ഥലം കണ്ടെത്താനായിട്ടില്ല |
| 10 | മലപ്പുറം പി. മൊയ്തീൻ കുട്ടി ഇൻഡോർ സ്റ്റേഡിയം | 45.00 | പദ്ധതി പ്രദേശം പുനർ നിർണ്ണയിച്ചതിനാൽ പുതുക്കിയ ഡി.പി.ആർ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. |

| | | | |
|---|---|---|---|
| 11 | കോഴിക്കോട് ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം | 60.00 | പദ്ധതിയുടെ ഡി.പി.ആർ കിറ്റ്കോ തയ്യാറാക്കി വരുകയാണ്. ഒക്ടോബർ 20 നകം കിഫ്ബിയിൽ സമർപ്പിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| 12 | വയനാട് സി.കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം | 42.19 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 79% പൂർത്തീകരിച്ചിട്ടുണ്ട്. സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കേണ്ടതുണ്ട്. |
| 13 | കണ്ണൂർ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 48.18 | പദ്ധതിയുടെ റീ ടെണ്ടറിൽ 4 ബിഡ്ഡുകൾ ലഭിക്കുകയും ആയതിന്റെ സൂക്ഷ്മപരിശോധന കിറ്റ്കോ നടത്തിവരികയാണ്. |
| 14 | കാസർഗോഡ് എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം | 30.59 | ഇൻഡോർ സ്റ്റേഡിയത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ നടന്നു വരുന്നു. |

S.O